# തിരിച്ചുകയറ്റത്തിന്റെ ഭാരവും വേദനയും

**കുറിപ്പുകൾ ● ടി.കെ ഇബ്‌റാഹീം ടൊറണ്ടോ**



● ഡോ. ത്വാരിഖ് സുവൈദാൻ



● ഗനൂശി

**മുസ്‌ലിംകൾ** പൊതുവെയും ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ വിശേഷിച്ചും ഇന്നത്തെ അവസ്ഥയിൽനിന്ന് കരകയറുമോ? വിജയം വരിക്കാൻ സാധ്യതയുണ്ടോ? നിരന്തരം അടിച്ചമർത്തപ്പെടുന്ന ഇസ്‌ലാമിക പ്രസ്ഥാനങ്ങളും ലോകമെങ്ങും തിരിച്ചടികളേറ്റു വാങ്ങുന്ന മുസ്‌ലിംകളും വിജയത്തിലേക്കും ഉന്നമനത്തിലേക്കും തിരിച്ചു കുതിച്ചുകയറാൻ മാർഗമുണ്ടോ? എങ്ങുമുള്ള ഇസ്‌ലാമിക പ്രവർത്തകരുടെ മനസ്സിനെ മഥിക്കുന്ന ചോദ്യം. ഈയിടെ ദോഹയിൽ വെച്ച് പ്രശസ്ത ചിന്തകനും തുനീഷ്യയിലെ അന്നഹ്ദ സംഘടനയുടെ നേതാവുമായ ശൈഖ് റാശിദുൽ ഗനൂശിയുമായി ഈ വിഷയം ചർച്ച ചെയ്യാൻ ഈ ലേഖകന് അവസരം കിട്ടി.

ഖത്തറിലെ അന്നൂർ ഹോൾഡിങ്ങ് പ്രവാചകനെക്കുറിച്ച് നിർമിക്കുന്ന സിനിമയിൽ, പ്രവാചകനെയും അനുയായികളെയും എത്രത്തോളം അഭിനയത്തിൽ കൊണ്ടുവരാമെന്നതിനെക്കുറിച്ച് ഇസ്‌ലാമിക പണ്ഡിതന്മാരുടെ ചർച്ചയിൽ പങ്കെടുക്കാൻ വന്നതായിരുന്നു അദ്ദേഹം. ഇസ്‌ലാമികപ്രസ്ഥാനങ്ങളെയും മുസ്‌ലിംകളെയും നിരൂപണാത്മകമായി വിശകലനം ചെയ്ത് അവരിൽ കാണുന്ന ഗുരുതരമായ ദൗർബല്യങ്ങളെ വിശദീകരിച്ച ശേഷം അദ്ദേഹം പറഞ്ഞു: "ഏതായാലും അനിസ്‌ലാം താഴോട്ടുള്ള പതനത്തിലാണ്, ഇസ്‌ലാം മേലോട്ടുള്ള കയറ്റത്തിലും. കുന്നു കയറുമ്പോൾ അനുഭവപ്പെടുന്ന ഭാരം, പ്രയാസം, വിയർപ്പ് അതാണ് നാം കാണുന്നത്. മറ്റൊരർഥത്തിൽ പേറ്റ് നോവുകൾ, പ്രതീക്ഷക്ക് വക ധാരാളമുണ്ട്."

വർധമാനമായ തോതിൽ യുവാക്കളുടെ ദീനിലേക്കുള്ള തിരിച്ചുവരവ്, പള്ളികളിൽ അവരുടെ നിറസാന്നിധ്യം, മുസ്‌ലിം വനിതകളുടെ വ്യാപകമായ ഹിജാബ്‌വത്കരണം, ഇസ്‌ലാമിക പ്രസിദ്ധീകരണങ്ങളുടെ അനുസ്യൂതമായ ആധിക്യം, ധിഷണാതലത്തിൽ അനിസ്‌ലാമിക ചിന്താഗതികളുടെ ദീനപരാജയം, ഇസ്‌ലാമിക നവജാഗരണത്തിന്റെ അപ്രതിരോധ്യമായ മുന്നേറ്റം തുടങ്ങി പലതും ശോഭന ഭാവിയുടെ ചിഹ്നങ്ങളായി അദ്ദേഹം ചൂണ്ടിക്കാട്ടി.

ചരിത്രകാരനും വിമർശകനുമായ ഡോ. ത്വാരിഖ് സുവൈദാൻ രണ്ടു വർഷം മുമ്പ് നാഗരികതകളുടെ ഉത്ഥാനപതനങ്ങളെക്കുറിച്ച് ടൊറണ്ടോവിൽ ചെയ്ത ഒരു പ്രഭാഷണത്തിലും ഏതാണ്ടിതേ

ആശയം പങ്കുവെച്ചിരുന്നു. ഇസ്‌ലാമിക നാഗരികതയുടെ ചരിത്രപരമായ പതനം സാവധാനത്തിലായിരുന്നു. അതേയവസരം റോമൻ-പേർഷ്യൻ സാമ്രാജ്യ നാഗരികതകൾ ഇസ്‌ലാമിന് മുമ്പിൽ പൊടുന്നനെ തകർന്നുവീഴുകയാണുണ്ടായത്. കഴിഞ്ഞ നൂറ്റാണ്ടിന്റെ തുടക്കത്തിൽ മാത്രമാണ് ഖിലാഫത്തിന്റെ അന്ത്യം പൂർണമായത്. അഥവാ അത്രയും കാലമെടുത്തു മുസ്‌ലിം നാഗരികതയുടെ പതനത്തിന്. പതനത്തോടൊപ്പംതന്നെ തിരിച്ചുവരവിന്റെ സൂചനകളും കണ്ടുതുടങ്ങി -ആധുനിക ഇസ്‌ലാമിക നവോത്ഥാന പ്രസ്ഥാനങ്ങളുടെ ആരംഭവും വളർച്ചയും. അഥവാ 'തിരിച്ചുകയറ്റ'ത്തിന്റെ ആരംഭം. കടുത്ത സമുദായ വിമർശനത്തിലും ഭാവി പ്രതീക്ഷയിലും ഗനൂശിയും സുവൈദാനും യോജിക്കുന്നു. ഹിജാബ് നിരോധിക്കപ്പെട്ട തുനീഷ്യയിൽ ഇന്നിപ്പോൾ സർവകലാശാലകളിൽ പർദാധാരിണികളുടെ എണ്ണം വർധിക്കുകയാണ്. അമേരിക്കയിലെയും കനഡയിലെയും യൂനിവേഴ്സിറ്റികളിൽ അതേ പ്രവണതക്ക് ഈ ലേഖകൻ സാക്ഷി.

ഹമാസിന്റെ ഗസ്സാ വിജയം- ഇസ്രയേൽ എന്ത് വീമ്പടിച്ചാലും- 'തിരിച്ചുകയറ്റ'ത്തിന്റെ മറ്റൊരു സൂചനയായി ഗനൂശി ചൂണ്ടിക്കാട്ടി. "ഗസ്സയെ പ്രവാചക കാലത്തെ മദീനയുമായി താരതമ്യപ്പെടുത്തിക്കൂടേ?" ഈ ലേഖകൻ ആരാഞ്ഞു. "മദീനയിലെ ആ കൊച്ചു രാഷ്ട്രത്തെ മുളയിൽ തന്നെ നുള്ളാൻ ദൈവേതര ദുശ്ശക്തികൾ ഒന്നായി സംഘടിച്ചു. ചെറിയ അളവിൽ അതല്ലേ ഇന്ന് ഗസ്സയിലും സംഭവിക്കുന്നത്?" ഗനൂശി അർഥനിർഭരമായി തലകുലുക്കി.

സമുദായത്തിന്റെ പതനത്തിൽനിന്നുള്ള തിരിച്ചുകയറ്റത്തെ പ്രതിപാദിക്കുന്ന ഒരുപാട് പ്രവാചക പ്രവചനങ്ങളുണ്ട്. ശൈഖ് ഖറദാവി ഒരു ലഘുകൃതി രചിച്ചിട്ടുണ്ട് ആ വിഷയത്തിൽ. ഇസ്‌ലാമിക ഭരണത്തിന്റെ ചരിത്രപരമായ ഗതി വിവരിക്കുന്ന ഒരു പ്രവാചക വചനത്തിന്റെ ഒടുവിൽ 'ഖിലാഫത്തുൻ അലാ മിൻഹാജിന്നുബുവ്വ' (പ്രവാചക മാതൃകയിൽ ഒരു ഖിലാഫത്ത്) എന്ന ഒരു ഘട്ടത്തെ ദീർഘദർശനം ചെയ്യുന്നു. ഏതോ നൂറ്റാണ്ടിൽ അതും സംഭവിക്കേണ്ടതുണ്ട്. പ്രവാചകൻ ദീർഘദർശനം ചെയ്ത റോം (യൂറോപ്പ്) വിജയം വാളും കുന്തവും കുതിരയും കൊണ്ടാവണമെന്നില്ല. അല്ലെങ്കിൽ മിസൈലും ടാങ്കും യുദ്ധ വിമാനങ്ങളും കൊണ്ടാവണമെന്നില്ല. പ്രബോധനവും പ്രസിദ്ധീകരണവും കൊണ്ടാവാം. ഉത്തമ ജീവിത മാതൃകയിലൂടെ ഹൃദയങ്ങളെ ആകർഷിച്ചുകൊണ്ടുമാവാം. പാശ്ചാത്യ നാടുകളിൽ ഇസ്‌ലാമിന്റെ ഇന്നത്തെ പ്രചാരം അതിന് തെളിവായി എടുത്തുകാട്ടാം. ■

ibrahimtk@yahoo.ca